ഉത്തരം

കണ്ണൂർ ജില്ലയിലെ ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിന്റെ ചന്തപ്പുര മുതൽ മാതമംഗലം വരെയുള്ള ഭാഗം ബി.എം.ആന്റ് ബി.സി. ആക്കി ഉയർത്തുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ.

ദേശീയപാത വികസനത്തിന് കേന്ദ്ര സഹായം

349 (1407) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിന് കേന്ദ്ര സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ യെന്ന് വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എന്തെല്ലാം സഹായങ്ങളാണ് ഇതിനായി കേന്ദ്രം നൽകുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇവയുടെ പണികൾ തുടങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ദേശീയപാതകളുടെ സമഗ്രമായ വികസനം ദേശീയപാതാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം എൻ.എച്ച്.17-ഉം 47-ഉം ദേശീയപാതാ വികസന പദ്ധതി ഘട്ടം 2-ലും 3-ലും പെടുത്തി സർവ്വീസ് റോഡോടുകൂടിയ നാലുവരി പാതയാക്കി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. മറ്റ് ദേശീയപാതകൾ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ട് വരിപ്പാതയായാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. എന്നാൽ ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിൽ ഉണ്ടായ കാലതാമസംമൂലം ദേശീയപാത 17-ലെയും 47-ലെയും തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗങ്ങൾ ദേശീയ പാതാ വികസന പദ്ധതിയിൽനിന്നും ഒഴിവാക്കി കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഭാഗങ്ങൾ വീണ്ടും ഏറ്റെടുക്കുവാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എൻ.എച്ച്.17-ഉം എൻ.എച്ച്. 47-ഉം ഒഴികെയുള്ള ദേശീയപാതകളുടെ

LIBRARY ARCHIVES Kerala Legislative Assembly

വികസനം സംസ്ഥാന സർക്കാർ വഴി കേന്ദ്രത്തിന്റെ വാർഷിക പദ്ധതിയിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കാമെന്ന് കേന്ദ്രം സമ്മതിച്ചിട്ടുണ്ട്. ഇതിൻപ്രകാരം എൻ.എച്ച്.208-ന്റെ മുഴുവൻ നീളവും (81.28 കി.മി.), എൻ.എച്ച്. 49-ന്റെ 40.98 കി.മീറ്ററും, എൻ.എച്ച്.220-ന്റെ 5.72 കി.മീറ്ററും, എൻ.എച്ച്. 213-ന്റെ 47.00 കി.മീറ്ററും വികസിപ്പിക്കുവാനായി 2014-15 വർഷത്തെ കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള എസ്റ്റിമേറ്റുകൾ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) 2014-15 വാർഷിക പദ്ധതിയിൽ ദേശീയ പാതകളുടെ വികസനത്തിനായി 360.00 കോടി രൂപയുടെ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പദ്ധതികൾക്കുള്ള എസ്റ്റിമേറ്റുകൾ കേന്ദ്ര സർക്കാരിൽ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

മരാമത്ത് കരാറുകാർക്ക് കൊടുത്തുതീർക്കുവാനുള്ള കടിശ്ശിക

350 (1408) ശ്രീ. മാത്യു റ്റി.തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം മരാമത്ത് പണികളുടെ ഷെഡ്യൂൾസ് ഓഫ് റേറ്റ്സ് എത്ര തവണ പരിഷ്കരിച്ചു എന്ന് വിശദമാക്കാമോ;

(ബി) നിരക്ക് പരിഷ്കരണങ്ങൾ കഴിഞ്ഞതിനുശേഷവും എസ്റ്റിമേറ്റിനേക്കാൾ അധികരിച്ച നിരക്കുകൾ ടെണ്ടറുകളിൽ സമർപ്പിച്ചുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) മരാമത്ത് കരാറുകാർക്ക് എത്ര രൂപ കടിശ്ശിക കൊടുത്തു തീർക്കുവാനുണ്ട്; പ്രസ്തുത തുക എന്നത്തേക്ക് കൊടുത്തുതീർക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) കരാറുകാർക്ക് കടിശ്ശിക കൊടുത്തുതീർക്കാത്തതുമൂലം കരാറുകാർ പണികൾ ഏറ്റെടുക്കുവാൻ വൈമുഖ്യം കാണിക്കുന്നതും അധികരിച്ച നിരക്കുകൾ സമർപ്പിക്കുന്നതും പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1-10-2012-ൽ ഷെഡ്യൂൾ ഓഫ് റേറ്റ് പരിഷ്കരിച്ചിട്ടുണ്ട്. 1-10-2013 മുതൽ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് സംസ്ഥാനത്തും നടപ്പാക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly